**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളോത്സവം 2017 -ന്റെ നടത്തിപ്പിനായി അധികമായി ചെലവായ തുകയും ജില്ലയിലെ ആദരവ് പരിപാടിയിൽ വിതരണം ചെയ്യുന്നതിന് ട്രോഫികൾ വാങ്ങിയ ഇനത്തിൽ കൊടുത്തു തീർക്കുവാനുള്ള തുകയും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും പ്രൊജക്റ്റ് രൂപീകരിച്ച് ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2362/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **21/12/2020**

---

പരാമർശം:- തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 30/09/2020 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

കേരളോത്സവം 2017 -ന്റെ നടത്തിപ്പിനായി 220000/-രൂപയുടെ ചെലവനുവാദവും കേരള യുവജന ക്ഷേമ ബോർഡിന്റെ വിഹിതമായി 250000/-രൂപയും ചേർത്ത് ആകെ 470000/-രൂപ ചിലവഴിച്ചിട്ടുണ്ടെന്നും, കേരളോത്സവം 2017 -ന്റെ നടത്തിപ്പിനായി അധികമായി ചെലവായ 271399/-രൂപയും, 2016-17 അധ്യയന വർഷത്തിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ തൃശ്ശൂർ ജില്ലയിലെ എല്ലാ വിദ്യാർത്ഥികളെയും ആദരിക്കുന്നതിന് സംഘടിപ്പിച്ച ആദരവ് പരിപാടിയിൽ വിതരണം ചെയ്യുന്നതിന് ട്രോഫികൾ വാങ്ങിയ ഇനത്തിൽ കൊടുത്തു തീർക്കുവാനുള്ള 153905/- രൂപയും പ്രൊജക്റ്റ് രൂപീകരിച്ച് അനുവദിക്കുന്നതിനുള്ള അനുവാദം നൽകണമെന്നാണ് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളോത്സവം 2017 -ന്റെ നടത്തിപ്പിനായി അധികമായി ചെലവായ 271399/-രൂപയും (രണ്ട് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ) 2016-17 അധ്യയന വർഷത്തിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ തൃശ്ശൂർ ജില്ലയിലെ എല്ലാ വിദ്യാർത്ഥികളെയും ആദരിക്കുന്നതിന് സംഘടിപ്പിച്ച ആദരവ് പരിപാടിയിൽ വിതരണം ചെയ്യുന്നതിന് ട്രോഫികൾ വാങ്ങിയ ഇനത്തിൽ കൊടുത്തു തീർക്കുവാനുള്ള 153905/-രൂപയും (ഒരു ലക്ഷത്തി അൻപത്തി മൂവായിരത്തി തൊള്ളായിരത്തി അഞ്ച് രൂപ) പ്രൊജക്റ്റ് രൂപീകരിച്ച് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡന്റ്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ

വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.21 15:20:47 IST
Reason: Approved